**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.230 17.07.2019 ൽ മറുപടിയ്ക്ക്

**മനുഷ്യ-മൃഗ സംഘർഷങ്ങൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ)വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം, വനമേഖലകളിലേക്ക് അധിനിവേശ സസ്യങ്ങളുടെ വ്യാപനം കാരണം വന്യജീവികളുടെ വന്യജീവികളുടെ സൈ്വര വിഹാരത്തിന് ഉണ്ടാകുന്ന തടസ്സം, വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ, വിവിധ ആവാസ വ്യവസ്ഥകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനാഴികളുടെ അഭാവം, വന്യജീവി ഇടനാഴികളുടെ തുടർച്ചയില്ലായ്മ തുടങ്ങിയവയാണ് വന്യജീവി ആക്രമണം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. പ്രതിവർഷം ശരാശരി 20-ൽ അധികം മനുഷ്യർക്ക് വന്യജീവി സംഘർഷത്തിന്റെ ഭാഗമായി മരണം സംഭവിക്കുന്നുണ്ട്. കൂടാതെ നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും സംഭവിക്കുന്നുണ്ട്. |
| (ബി) | ഇത്തരം സംഘർഷങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) മനുഷ്യ-മൃഗസംഘർഷം കുറയ്ക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം പര്യാപ്തമല്ല എന്നത് പരിഗണിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/2018/വനം പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യ വാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ കല്ല് കെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ